**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3886** **28-06-2024 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ അഭാവം നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഐ.എ.എസ്. കേഡറിൽ 78 എണ്ണവും ഐ.പി.എസ്., ഐ.എഫ്.എസ്. കേഡറുകളിൽ 43 എണ്ണം വീതം കുറവുണ്ട്. |
| (ബി) | ഒരു വകുപ്പ് മേധാവിയ്ക്ക് പല വകുപ്പുകളുടെ ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നേരിട്ടുള്ള നിയമനത്തിലൂടെയും സ്ഥാനക്കയറ്റത്തിലൂടെയുള്ള നിയമനം മുഖേനയും കൂടുതൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ കേരള കേഡറിൽ നിയമിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഇതിനു പുറമേ ഐ.എ.എസ് വിഭാഗത്തിൽ സെലക്ഷൻ പ്രക്രിയയിലൂടെയും ഉദ്യോഗസ്ഥരെ കേഡറിൽ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | കേരള കേഡറിലുള്ള എത്ര ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ അഖിലേന്ത്യാ സർവ്വീസിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ 21 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 11 പേർ സംസ്ഥാന ഡെപ്യൂട്ടേഷനിലും, ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ 26 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 5 പേർ സംസ്ഥാന ഡെപ്യൂട്ടേഷനിലും, ഐ.എഫ്.എസ്. ഉദ്യോഗസ്ഥരിൽ 10 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 2 പേർ സംസ്ഥാന ഡെപ്യൂട്ടേഷനിലും നിലവിൽ സേവനം അനുഷ്ഠിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ